www.gospelinmalayalam.com

# CHAPTER - 2

## Example for Living the Christian Life

**Phili 2: 1- 2** *ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ .*

**Phili 1: 27** *"ഞാൻ നിങ്ങളെ വന്നു കണ്ടിട്ടോ ദൂരത്തിരുന്നു നിങ്ങളുടെ അവസ്ഥ കേട്ടിട്ടോ നിങ്ങൾ ഏകാത്മാവിൽ നിലനിന്നു എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിനു ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ".*

Phili 1: 27 ൽ നാം കണ്ടു, സുവിശേഷത്തിനു യോഗ്യമാംവണ്ണം ജീവിക്കണമെന്ന്. അതുപോലെ തന്നെ ഏകാത്മാവിൽ നിലനിൽക്കണം എന്ന്.

Phili 1: 27 ൽ ആരംഭിച്ച ഒരു Theme 2:18 വരെ continue ചെയ്യുകയാണ്.
ഈ വിഷയത്തി ന് പേരിട്ടിരിക്കുന്നത് "Self Emptying Passage" എന്നാണ്. ദൈവപുത്രനായ ക്രിസ്തു തന്റെ സ്വർഗ്ഗസിംഹാസനം വെടിഞ്ഞ് തന്നെത്താൻ ഒഴിച്ച് ഈ ഭൂമിയിൽ നമുക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തു. ഈ ഭാവം ആണ് വിശ്വാസികളിൽ ഉണ്ടാകേണ്ടത്.

**Phili 1: 1- 2** ഇവിടെ 4 qualities ആണ് വിവരിക്കുന്നത്. സഭയിൽ ആത്മിക ഐക്യം വേണമോ, ഈ 4 qualities നമ്മിൽ ഉണ്ടാകണം.

**(a)** ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ Encouragement from being united with Christ. പരിശുദ്ധാത്മാവിന്റെ നമ്മിലുള്ള പ്രവൃത്തിയാൽ ലഭിക്കുന്ന പ്രബോധനം, Comfort or Rebuke.

**(b)** ആത്മാവിന്റെ കൂട്ടായ്മ - fellowship of spirit പരിശുദ്ധാത്മാവു നമ്മുടെ ഹൃദയങ്ങളിൽ സ്ഥിരമായി വസിക്കുന്നതിനാൽ spirit's permanent indwelling Ministry.

**(c)** ദൈവസ്നേഹത്തിൽ നിന്നും നാം ആശ്വാസം പ്രാപിക്കുന്നില്ലേ Comfort from God's Love.

**(d)** ആർദ്രതയും മനസ്സലിവും - A Concern and love for other members.

ഇത്രയും qualities സഭാംഗങ്ങൾക്കുണ്ടെങ്കിൽ, അവിടെ ആത്മീയ ഐക്യം ഉണ്ട്. spiritual unity ഉണ്ട്. ആത്മീയ ഐക്യതയുണ്ടെങ്കിൽ എങ്ങനെ അതു പ്രകടമാകണം? Show it in practical way, the Unity in church - like minded, have same love, and oneness in spirit. ഏകമനസ്സുള്ളവരായി, ഏകസ്നേഹം പൂണ്ട്, ഐക്യമത്യപ്പെട്ട്, ഏകഭാവമുള്ളവരായി "എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ." ഒരു അപ്പൊസ്തോലനു പറയുവാനുള്ളത് അതാകുന്നു.

**Phili 2: 3- 4** *"ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം".*

ഫിലിപ്പ്യസഭയിലുണ്ടായിരുന്ന ഒരു "പ്രശ്ന"ത്തെ വി. പൗലൂസ് ഇവിടെ address ചെയ്യുന്നു. "selfish Ambition" (ശാഠ്യത്താൽ – ദുരഭിമാനത്താൽ)

Phili 1: 17 ലും ഇതേ വാക്കുകൾ കാണാം. "selfish Ambition" ൽ ചെയ്യുന്ന പ്രവൃത്തികൾ ജഡത്തിന്റെ പ്രവൃത്തികൾ തന്നെയായിരുന്നു.

**Gala 5: 20** *ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം,*

ദുരഭിമാനം Empty glory - selfish ambition ന്റെ root cause ഇതായിരുന്നു.

In humility, consider others better than yourself.

fleettech@gmail.com

താഴ്മ ദൈവസന്നിധിയിലും മനുഷ്യരുടെ മുമ്പിലും. ഇതു വലിയ ഒരു quality അത്രെ. Humility ഉണ്ടാകേണ്ട സ്ഥാനത്ത് 'pride' ആണ് പലരിലും കാണുന്നത്.

**1 Peter 5: 5- 6** *"അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോടു എതിർത്തുനിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ".*

**Phili 2: 4** *"മറ്റുള്ളവന്റെ ഗുണവുംകൂടെ നോക്കേണം".*

വി. പൗലൂസ് പറയുന്നു എങ്ങനെ താഴ്മ കാണിക്കണം എന്ന്. 'സ്വയ'ത്തിൽ ചിന്തകളെ കേന്ദ്രീകരിക്കുന്നതിനു പകരം concentrate on other's needs. മറ്റുള്ളവന്റെ ഗുണം നോക്കുക.

**Rom 12: 10** *"സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ".*

## Humiliation of Christ

**Phili 2: 5- 8** *"ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ". അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു".*

താഴ്മയുടെയും വിനയത്തിന്റെയും ഏറ്റവും ഉദാത്തമായ പ്രദർശനം – യേശുക്രിസ്തുവിൽ നാം ദർശിക്കുന്നു. അതുപോലെ ത്യാഗ ജീവിതത്തിന്റെയും– selfless sacrifice. Phili 2: 9- 11ലും നാം ഇതു കാണുന്നു. ത്യാഗത്തിനാൽ ദൈവം യേശുവിനെ ഉയർത്തി എല്ലാറ്റിന്റെയും അധിപതിയാക്കി.

**Phili 2: 5** *ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.*

ക്രിസ്തു യേശുവിലുള്ള ഭാവം നമ്മിൽ ഉണ്ടായിരിക്കണം. - Selfless humility. Like minded. Let this mind be in you which was also in Christ Jesus.

**Phili 2: 6- 8** *"അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു".*

Who was Christ? ലോകത്തിന്റെ മുമ്പിലുള്ള വലിയ ചോദ്യം. യഹൂദന് ഇടർച്ചയുണ്ടാക്കിയ ചോദ്യം.

**John 5: 18(R)** *"അങ്ങനെ അവൻ ശബ്ബത്തിനെ ലംഘിച്ചതുകൊണ്ടു മാത്രമല്ല, ദൈവം സ്വന്ത പിതാവു എന്നു തന്നെത്താൻ ദൈവത്തോടു സമമാക്കിയതു കൊണ്ടും യഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചുപോന്നു".*

യഹൂദന്മാർ അവനെ കൊല്ലുവാൻ നോക്കുന്നു.

**John 10: 33** *യഹൂദന്മാർ അവനെ കല്ലെറിയുവാൻ നോക്കുന്നു.*

ഈ നാട്ടുകാർക്കും ഇതു തന്നെയാണ് പ്രശ്ന വിഷയം. Who was Jesus Christ?

JESUS = FULL DEITY = പൂർണ്ണദൈവം = POSSESSED FULL DEITY.

**John 1: 14** *"വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു".*

**Col 2: 9** *"അവനിനല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു".*

എന്നാൽ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിച്ചില്ല.

www.gospelinmalayalam.com

fleettech@gmail.com

www.gospelinmalayalam.com

He set aside His self -willed - Deity when he become Man.

എന്നാൽ അവന്റെ "അവതാരത്തിൽ" (In His Incarnation) He surrendered His right to manifest himself visibly as the God of all "Splendor and Glory".

യേശുക്രിസ്തുവിന്റെ താഴ്മ "ദാസവേഷം" എടുക്കാൻ തക്കവണ്ണം വിനയമുള്ളതായിരുന്നു.

തന്നെത്താൻ ഒഴിച്ചു. He emptied himself. DEITY യുടെ Position ൽ തനിക്ക് അവകാശപ്പെട്ടതും അധികാരപ്പെട്ടതുമായ സകല സൗകര്യങ്ങളെയും ത്യജിച്ചു ഈ താണ ലോകത്തിൽ ദാസരൂപം എടുത്തു മനുഷ്യനായി ഇറങ്ങി വന്ന് പാർത്തു.

പിതാവിന്റെ ഇഷ്ടം നിറവേറ്റുക, മാനവജാതിയെ സേവിക്കുക.

യേശുവിന്റെ "മനുഷ്യത്വം" genuine തന്നെ. പക്ഷെ ഒരു വ്യത്യാസം പാപം ഇല്ല.

He was sinless

**Heb 4: 15** *"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്".*

He retained the essence of God, athough surroundered all the privileges of deity.

He was human in nature, but God.

He manifested God in human flash.

**John 1: 14** *"വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു".*

**Phili 2: 8** ക്രൂശിലെ മരണം - Roman നിയമത്തിൽ Roman citizens ഒഴിച്ചുള്ളവർക്കു മാത്രം കൊടുത്തിരുന്ന ഏറ്റവും ഹീനവും ക്രൂരവുമായ മരണം.

യേശുക്രിസ്തു എത്രമാത്രം നിന്ദിക്കപ്പെട്ടു. അവൻ നിന്ദാപാത്രമായിത്തീർന്നു.

Prestige, Pride, Respect - ഒന്നുമില്ലാതെയാകുന്ന അവസ്ഥ. He being a possessor of DEITY - Does not claim any thing. Totally unselfish. ഒട്ടും selfishness ഇല്ല. ഇതാണ് ഒരു വിശ്വാസിയുടെ "Rolemodel". നമ്മുടെ EXAMPLE. ഇതാണ് ക്രിസ്തുയേശുവിലുള്ള ഭാവം.

Live humbly before God and Man.

## THE EXALTATION OF CHRIST

**Phili 2: 9- 11** *അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിന്നും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും 'യേശുക്രിസ്തു കർത്താവു' എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടിവരും.*

6- 8 വരെയുള്ള വാക്യത്തിൽ "പുത്രനായ ദൈവം" "GOD THE SON" എന്തു ത്യാഗം സ്വയം ഏറ്റെടുത്തു എന്നതു നാം കണ്ടു.

ഇവിടെ, 9-11വരെയുള്ള വാക്യത്തിൽ "പിതാവാം ദൈവം" "God The Father" എന്തു ചെയ്യുന്നു.

**Phili 2: 9** *അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിന്നും മേലായ നാമം നല്കി;*

യേശു ക്രിസ്തുവിന്റെ High priestly prayer John 17: 5-ൽ നാം വായിക്കുന്നു. ഈ പ്രാർത്ഥനയുടെ ഉത്തരമായി ദൈവം യേശുവിനെ ഏറ്റവും ഉയർത്തി.

fleettech@gmail.com

www.gospelmalayalam.com

**Joh 17: 5** *ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകുംമുമ്പെ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ.*

**Heb 1: 3** *"അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു ഇരിക്കയും അവൻ ദൈവദൂതന്മാരെക്കാൾ വിശിഷ്ഠമായ നാമത്തിനു അവകാശിയായതിനു ഒത്തവണ്ണം അവരെക്കാൾ ശ്രേഷ്ഠനായിത്തീരുകയും ചെയ്തു".*

**Acts 2: 33** *"അവൻ ദൈവത്തിന്റെ വലഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നു തന്നു".*

Resurrection, Ascension and glorification.

**Phili 2: 10** *അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും....*

എല്ലാ മുഴങ്കാലും യേശുവിന്റെ മുമ്പിൽ മടങ്ങും.

**Rom 14: 11** *"എന്നാണ എന്റെ മുൻപിൽ എല്ലാ മുഴങ്കാലും മടങ്ങും, എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവു അരുളിച്ചെയ്യുന്നു".*

**Isa 45: 23** ' *'എന്നാണ എന്റെ മുൻപിൽ എല്ലാ മുഴങ്കാലും മടങ്ങും; ഏതു നാവും സത്യം ചെയ്യും എന്നിങ്ങനെ എന്റെ വായിൽ നിന്നു നീതിയും മടങ്ങാത്ത ഒരു വചനവും പുറപ്പെട്ടിരിക്കുന്നു".*

സ്വർഗ്ഗത്തിലും, ഭൂമിയിലും, ഭൂമിക്കു കീഴിലും യേശുവിന്റെ ആധിപത്യം ഉയർത്തപ്പെടും. Angels, Human beings & Demons - All will fow before Him.

**Phili 2: 11** *എല്ലാ നാവും 'യേശുക്രിസ്തു കർത്താവു' എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടിവരും.*

All will confess "JESUS IS LORD" - He will be acknowledged by every one as He is God Himself. എന്നാൽ അതവരുടെ രക്ഷയ്ക്കു കാരണമാകയില്ല because it will be too late.

ഇന്ന് 'JESUS IS LORD' ➤ 'JESUS IS MY LORD' എന്നു പറയാൻ കഴിയുന്നവർ രക്ഷയുടെ അനുഭവത്തിലേയ്ക്കു പ്രവേശിക്കുന്നു. ഇത് കൃപായുഗം വരെ മാത്രം. എന്നാൽ ന്യായവിധി കാണുമ്പോൾ അധോലോകരും അവിശ്വാസികളും ഒന്നടക്കം പറയേണ്ടിവരും Truly Jesus is LORD.

ഇന്ന് യേശു ദൈവസിംഹാസനത്തിന്റെ വലതു ഭാഗത്തുണ്ട്. സകലതും അവന്റെ കാൽക്കീഴാകുന്ന ദിനം അധികം വിദൂരത്തല്ല.

## EXHORTATION CONTINUED 2: 12- 18

**Phili 2: 12** *അതുകൊണ്ടു, പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പോഴും അനുസരിച്ചതുപോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷെക്കായി പ്രവർത്തിപ്പിൻ .*

2: 2 ൽ നാം കണ്ട പൗലൂസിന്റെ പ്രബോധനം 12-ാം വാക്യത്തിൽ തുടരുകയാണ്. 12-ാം വാക്യം ആരംഭിക്കുന്നത് "അതുകൊണ്ട്" എന്നു പറഞ്ഞും കൊണ്ടത്രെ. "Therefore" എന്തുകൊണ്ട്? ക്രിസ്തു ദൈവഹിതം മനസ്സോടെ ചെയ്തതുകൊണ്ട്. മരണത്തോളം അനുസരണമുള്ളവനായി തീർന്നതു കൊണ്ട്.

ഫിലിപ്പ്യയിലെ വിശ്വാസികളും അതുപോലെ തന്നെ ചെയ്യണം. ക്രിസ്തുവിന്റെ അനുസരണത്തിന്റെ example വേണം follow ചെയ്യുവാൻ.

പ്രിയമുള്ളവരെ "My dear friends", പൗലൂസിന്റെ മാതൃക എത്ര ആദരണീയം.

fleettech@gmail.com

ഉപദേശം കൊടുക്കുന്നതു ഈ മനോഭാവത്തിൽ വേണം.

തന്നെയുമല്ല പൗലൂസ് ഫിലിപ്പ്യയിൽ ഉണ്ടായിരുന്ന കാലത്ത് അവർ എത്രമാത്രം സ്നേഹ ത്തോടും അനുസരണത്തോടും പെരുമാറി; അതും ഓർപ്പിക്കാൻ പൗലൂസ് മറന്നില്ല.

**Acts 16: 19- 40** *അവളുടെ യജമാനാന്മാർ തങ്ങളുടെ ലാഭത്തിന്റെ ആശ പോയ്പോയതു കണ്ടിട്ടു പൗലൊസിനെയും ശീലാസിനെയും പിടിച്ചു, ചന്തസ്ഥലത്തു പ്രമാണികളുടെ അടുക്കലേക്കു വലിച്ചു കൊണ്ടുപോയി അധിപതികളുടെ മുമ്പിൽ നിർത്തി; യെഹൂദന്മാരായ ഈ മനുഷ്യർ നമ്മുടെ പട്ടണത്തെ കലക്കി, റോമാക്കാരായ നമുക്കു അംഗീകരിപ്പാനും അനുസരിപ്പാനും ന്യായമല്ലാത്ത ആചാരങ്ങളെ പ്രസംഗിക്കുന്നു എന്നു പറഞ്ഞു. പുരുഷാരവും അവരുടെ നേരെ ഇളകി; അധിപതികൾ അവരുടെ വസ്ത്രം പറിച്ചുരിഞ്ഞു കോൽകൊണ്ടു അവരെ അടിപ്പാൻ കല്പിച്ചു. അവരെ വളരെ അടിപ്പിച്ചശേഷം തടവിൽ ആക്കി കാരാഗൃഹപ്രമാണിയോടു അവരെ സൂക്ഷമത്തോടെ കാപ്പാൻ കല്പിച്ചു. അവൻ ഇങ്ങനെയുള്ള കല്പന കിട്ടുകയാൽ അവരെ അകത്തെ തടവിൽ ആക്കി അവരുടെ കാൽ ആമത്തിൽ ഇട്ടു പൂട്ടി. അർദ്ധരാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു: തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. പെട്ടെന്നു വലിയോരു ഭൂകമ്പം ഉണ്ടായി, കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ ഒക്കെയും തുറന്നുപോയി, എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീണു കരാഗൃഹ പ്രമാണി ഉറക്കുണർന്നു കാരാഗൃഹത്തിന്റെ വാതിലുകൾ ഉറന്നിരിക്കുന്നതു കണ്ടിട്ടു ചങ്ങലക്കാർ ഓടിപ്പോയ്ക്കളഞ്ഞു. എന്നു ഊഹിച്ചു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു. അപ്പോൾ പൗലൊസ്: നിനക്കു ഒരു ദോഷവും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. അവൻ വെളിച്ചം ചോദിച്ചു അകത്തേക്കു ചാടി വിറെച്ചുകൊണ്ടു പൗലൊസിന്റെയും ശീലാസിന്റെയും മുമ്പിൽ വീണു. അവരെ പുറത്തു കൊണ്ടുവന്നു: യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നു അവർ പറഞ്ഞു. പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു. അവൻ രാത്രിയിൽ, ആ നാഴികയിൽ തന്നേ, അവരെ കൂട്ടികൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി; താനും തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനം ഏറ്റു. പിന്നെ അവരെ വീട്ടിൽ കൈക്കൊണ്ടു അവർക്കും ഭക്ഷണം കൊടുത്തു, ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആനന്ദിച്ചു. നേരം പുലർന്നപ്പോൾ അധിപതികൾ കോൽക്കാരെ അയച്ചു: ആ മനുഷ്യരെ വിട്ടയക്കേണം എന്നു പറയിച്ചു. കാരാഗൃഹപ്രമാണി ഈ വാക്കു പൗലൊസിനോടു അറിയിച്ചു: നിങ്ങളെ വിട്ടയപ്പാൻ അധിപതികൾ ആളയിച്ചിരിക്കുന്നു; ആകയാൽ സമാധാനത്തോടെ പോകുവിൻ എന്നു പറഞ്ഞു. പൗലൊസ് അവരോടു: റോമപൗരന്മാരായ ഞങ്ങളെ അവർ വിസ്താരം കൂടാതെ പരസ്യമായി അടിപ്പിച്ചു തടവിലാക്കിയല്ലോ; ഇപ്പോൾ രഹസ്യമായി ഞങ്ങളെ പുറത്താക്കുന്നുവോ? അങ്ങനെ അല്ല; അവർ തന്നേ വന്നു ഞങ്ങളെ പുറത്തു കൊണ്ടുപോകട്ടെ എന്നു പറഞ്ഞു. കോൽക്കാർ ആ വാക്കു അധിപതികളോടു ബോധിപ്പിച്ചാറെ അവർ റോമ പൗരന്മാർ എന്നു കേട്ടു അവർ ഭയപ്പെട്ടു ചെന്നു അവരോടു നല്ല വാക്കു പറഞ്ഞു. അവരെ പുറത്തു കൊണ്ടുവന്നു പട്ടണം വിട്ടുപോകേണം എന്നു അപേക്ഷിച്ചു. അവർ തടവു വിട്ടു ലുദിയയുടെ വീട്ടിൽ ചെന്നു സഹോദരന്മാരെ കണ്ടു ആശ്വസിപ്പിച്ചശേഷം പുറപ്പെട്ടു പോയി.*

They followed Paul's instruction willingly and quickly.

അതുപോലെ തന്നെ താൻ അകലെയായിരിക്കുമ്പോഴും ചെയ്യുവാനായി St. Paul ആവശ്യ പ്പെടുകയാണ്. എന്താണ് ഫിലിപ്പ്യർ ചെയ്യേണ്ടത്?

"ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവൃത്തിപ്പിൻ". ഇതു വായിക്കുമ്പോൾ നമുക്കു ന്യായമായി ഒരു ചോദ്യം മനസിൽ വരും- രക്ഷക്കായി പ്രവർത്തിക്കണം!! അപ്പോൾ പ്രവൃത്തിയാലാണോ രക്ഷ.

Is salvation dependent on Work?

www.gospelinmalayalam.com

fleettech@gmail.com

www.gospelinmalayalam.com

English Bible ൽ:- Work out your own salvation with fear and trembling. Work for your salvation എന്നല്ല Work out your salvation എന്നാണ്.

Work out your salvation God has already given to you- ദൈവം നിങ്ങൾക്കു നൽകിത്തന്നിരിക്കുന്ന രക്ഷ നിങ്ങളുടെ പ്രവർത്തികളിലൂടെ കാണപ്പെടട്ടെ- Show that you are a saved person by your actions. Work out your salvation.

Athletic school ൽ നിന്നും pass ആയി വന്നിരിക്കയാ.. കാണിക്കൂ അതു ജീവിതത്തിൽ, രാവിലെ ഒന്ന് Exercise ചെയ്യൂ- ഗ്രാമത്തിലെ റോഡിലൂടെ അത്‌ലറ്റിക് വേഷം ഇട്ട് ഒന്ന് ഓടിയ്ക്കേ.., മടിയനായി ഒരു മൂലയ്ക്കു കയറി ഇരുന്നാൽ താൻ Athlet ആണെന്ന് എങ്ങനെ അറിയും.

രക്ഷിക്കപ്പെട്ട ദൈവപൈതലേ, ലോകം നിനക്കു ലഭിച്ച രക്ഷയുടെ മാഹാത്മ്യം ഒന്നു കാണട്ടെ. Work it out - work out your salvation.

Phil 2: 3- 4ലും നാം കണ്ടു. Pride, ego, disunity- ഇതു കണ്ടാൽ നീ രക്ഷിക്കപ്പെട്ടവനല്ല എന്നേ തോന്നുകയുള്ളൂ.

സഭയുടെ അനുഗ്രഹത്തിനായി “selfless" service ചെയ്യുവാനായി ദൈവം നിന്നെ വിളിച്ചിരിക്കുന്നു.

Individual believer നെ സംബന്ധിച്ചിടത്തോളം ഈ അർത്ഥമാണുള്ളത്. അതുപോലെ തന്നെ ഫിലിപ്പ്യയിലെ സഭയെ മൊത്തമായും address ചെയ്യുന്നുണ്ട് ഈ വിഷയത്തിൽ. Disunity, pride and selfishness - എല്ലാവരും വിമുക്തമാകണം.

സഭയുടെ മൊത്തമായ മാറ്റം കാണുവാൻ St. Paul ആഗ്രഹിക്കുന്നു - Work out your salvation (of whole congregation) - work for deliverance from disunity, pride and selfishness.

Out working of personal salvation and out working of corporate salvation. ഭയത്തോടും വിറയലോടും കൂടെ - with fear and trembling - ദൈവകൃപയിൽ പൂർണ്ണമായി ശരണപ്പെട്ടു മാത്രമെ ഇതു ചെയ്യാൻ കഴിയൂ.

**Phili 2: 13** *ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു.*

ദൈവം അവരിൽ പ്രവർത്തിക്കണം. Devine enablement and Human responsibility. ഇതു രണ്ടും ഒന്നിച്ചു വരുമ്പോൾ മാത്രമെ കർത്താവിന്റെ വേല നടക്കയുള്ളൂ.

Believers are partners with God, labouring together with him.

ദൈവംതമ്പുരാൻ തനിക്കുള്ളവരെ അവന്റെ വേലയിൽ താൽപര്യവും സന്തോഷവുമുള്ളവരാക്കി തീർക്കുന്നു.

**Phili 2: 14- 16** *വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന്നു എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു. അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്കു പ്രശംസ ഉണ്ടാകും.*

ദൈവം തുടങ്ങി വച്ച “നല്ല പ്രവൃത്തി” നമ്മുടെ ജീവിതത്തിൽ എങ്ങനെ വ്യാപരിക്കണം. How to work out the "Good works" in our life.

എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ. without complaining, without arguing.

ഇത് എഴുതുമ്പോൾ വി. പൗലൂസിന്റെ മനസ്സിൽ ഉള്ളത് “യിസ്രായേലിന്റെ ചരിത്രം” ആകാമെന്നു കരുതുന്നു. യിസ്രായേൽ ജാതി എല്ലാറ്റിനും മോശയോടു പിറുപിറുത്തു. complaining for everything.

fleettech@gmail.com

www.gospelinmalayalam.com

| | |
|---|---|
| **1 Cori 10: 10** | *“അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചുപോയതുപോലെ നിങ്ങൾ പിറുപിറുക്കയുമരുതു”.* |

Arguing: വ്യവഹാരം. Legal disputing -practice of going to civil court to settle difference.

**1 Cori 6- 1- 11** *നിങ്ങളിൽ ഒരുത്തന്നു മറ്റൊരുത്തനോടു ഒരു കാർയ്യം ഉണ്ടെങ്കിൽ വിശുദ്ധന്മാരുടെ മുമ്പാകെ അല്ല, അഭക്തന്മാരുടെ മുമ്പിൽ വ്യവഹാരത്തിന്നു പോകുവാൻ തുനിയുന്നുവോ? വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ? നാം ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ? ഐഹികകാർയ്യങ്ങളെ എത്ര അധികം? എന്നാൽ നിങ്ങൾക്കു ഐഹികകാര്യങ്ങളെക്കുറിച്ചു വ്യവഹാരം ഉണ്ടെങ്കിൽ വിധിപ്പാൻ സഭ ഗണ്യമാക്കാത്തവരെ ഇരുത്തുന്നുവോ? നിങ്ങൾക്കു ലജ്ജെക്കായി ഞാൻ ചോദിക്കുന്നു; ഇങ്ങനെ സഹോദരന്മാർക്കും മദ്ധ്യേ കാർയ്യം തീർപ്പാൻ പ്രാപ്തിയുള്ളോരു ജ്ഞാനിയും നിങ്ങളുടെ ഇടയിൽ ഇല്ലയോ? അല്ല, സഹോദരൻ സഹോദരനോടു വ്യവഹരിക്കുന്നു; അതും അവിശ്വാസികളുടെ മുമ്പിൽ തന്നേ. നിങ്ങൾക്കു തമ്മിൽ വ്യവഹാരം ഉണ്ടാകുന്നതു തന്നേ കേവലം പോരായ്മയാകുന്നു; അതിന്നു പകരം നിങ്ങൾ അന്യായം സഹിച്ചുകൊള്ളാത്തതു എന്തു? നഷ്ടം ഏറ്റുകൊള്ളാത്തതു എന്തു? അല്ല, നിങ്ങൾ അന്യായം ചെയ്കയും നഷ്ടം വരുത്തുകയും ചെയ്യുന്നു; അതും സഹോദരന്മാർക്കും തന്നേ. അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നേ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു.*

ജാതികളുടെ മുൻപിൽ ക്രിസ്തീയ സഭ സാക്ഷ്യം വഹിക്കണമെങ്കിൽ, ആദ്യം അകത്തെ കാര്യങ്ങൾ ക്രമപ്പെടുത്തണം. Settle the house in order before reaching out to gentiile world.

ഫിലിപ്പ്യ സഭയിൽ പിറുപിറുപ്പും വാദവും ഉണ്ടായി എന്ന് പൗലൂസ് അറിഞ്ഞിട്ടാകണം ഈ കത്ത് എഴുതിയത്. അതിന്റെ ഫലമായി വക്രതയും കോട്ടവുമുള്ള ജനതയുടെ മുമ്പാകെ അവരുടെ സാക്ഷ്യം നഷ്ടപ്പെട്ടു.

They were not without fault : അവർ അനിന്ദ്യരല്ലാതായി.

They were not shining like stars: ജോതിസ്സുകളെപ്പോലെ പ്രകാശിപ്പാൻ കഴിവില്ലാത്തവരായി.

There witness became ineffective and invalid. It cannot attract anyone to Christ anymore because of strife and contentions.

Blameless & Pure “അനിന്ദ്യരും പരമാർത്ഥികളും: ഇവിടെ ഉദ്ദേശിക്കുന്നത് "Sinless perfection" അല്ല. സഭയുടെ മൊത്തമായ സാക്ഷ്യം അത്രെ ഉദ്ദേശിക്കുന്നത് -കുറ്റം പറയാൻ ഇട കൊടുക്കാത്ത അവസ്ഥ. ഓരോ വ്യക്തിയും ലഭിച്ച രക്ഷയുടെ പ്രവർത്തനം ജീവിതത്തിൽ കാണാൻ തക്കവണ്ണം ആത്മികമായി വളരുന്നത് . സഭയിലുള്ള എല്ലാ അംഗങ്ങളും ഒന്നുപോലെ ആത്മാവിൽ വളരുമ്പോൾ, ആർക്കും എതിരെ ഒരു അപവാദമോ, വിരൽ ചൂണ്ടലോ ഉണ്ടാകാൻ, കാരണം കിട്ടുകയില്ല.

വ്യക്തി ജീവിതം നന്നാകുമ്പോൾ സഭയുടെ corporate picture ഉം നന്നാകും.

വക്രതയും കോട്ടവും ഉള്ള തലമുറ : **crooked and depraved generation**

മോശെ അനുസരണം കെട്ട യിസ്രായേലിനെപ്പറ്റി ഉപയോഗിച്ച വാക്കുകൾ തന്നെ.

fleettech@gmail.com

www.gospelinmalayalam.com

**Deut 32: 5(R)** *“അവർ അവനോടു വഷളത്വം കാണിച്ചു: അവർ അവന്റെ മക്കളല്ല, സ്വയകളങ്കമത്രേ; വക്രതയും കോട്ടവുമുള്ള തലമുറ”.*

പത്രോസും ഇതേ വാക്കുകൾ ഉപയോഗിച്ചു.

**Acts 2: 40** *“മറ്റു പല വാക്കുകളാലും അവൻസാക്ഷ്യം പറഞ്ഞു അവരെ പ്രബോധിപ്പിച്ചു; ഈ വക്രതയുള്ള തലമുറയിൽനിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു”.*

വക്രതയുള്ള തലമുറ.

**Math 17: 17** അവിശ്വാസവും കോട്ടവുമുള്ള തലമുറ...

What about todays ganeration : ഈ ലോകത്തിലുള്ള തലമുറയുടെ സ്ഥിതി എന്താണ്? ഒരുപക്ഷെ അന്നത്തെക്കാളും 1000 മടങ്ങ് വഷളായി ജീവിക്കുന്ന തലമുറ.

ക്രിസ്തീയ ലോകം പോലും വിശ്വാസ സത്യങ്ങൾക്കു മുമ്പിൽ പുറം തിരിഞ്ഞു നിൽക്കുന്ന അനുഭവം. ഇവയുടെ മധ്യത്തിൽ വിശ്വാസികൾ എങ്ങനെ കാണപ്പെടണം. ദൈവം നമ്മെപ്പറ്റി ആഗ്രഹിക്കുന്നതെന്ത്? Shine like stars.

**Math 5: 14- 16** ലോകത്തിന്റെ വെളിച്ചം-മലമേലുള്ള പട്ടണം...

ഒരു ദൈവപൈതൽ “ദൈവത്തിന്റെ കുടുംബക്കാരനത്രെ”.

എന്താണ് ഒരു ദൈവപൈതലിന്റെ ജോലി? Use "HIS WORD"- ജീവന്റെ വചനം പ്രസംഗിക്ക/പ്രമാണിക്ക. രൂപാന്തരപ്പെടുത്താൻ കഴിവുള്ള ജീവന്റെ വചനം- ഈ വക്രതയും കോട്ടവുമുള്ള ജനത്തെ അനുഗ്രഹത്തിന്റെ പാതയിലേക്കു നയിക്കാൻ ദൈവം നമ്മെ ഉപയോഗിക്കും.

**2: 16-** അങ്ങനെ ഓരോ ദൈവപൈതലും ചെയ്യുകയാണെങ്കിൽ St. Paul - പറയുന്നു പ്രശംസയ്ക്കു വകയുണ്ട്. On the day of Christ - ക്രിസ്തുവിന്റെ നാളിൽ താൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെ ആയില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ- പ്രശംസിക്കാൻ ഇടയാകും.

**2: 17- 8-** Joy in the midst of suffering. ജയിലിലാണ് കഴിയുന്നത്. ഏതു സമയത്തും മരണം തേടിയെത്തും. ഓരോ ദിനവും അതിനുള്ള സാധ്യതയുണ്ട്. അതിനെ ഓർക്കുന്ന paul - തന്റെ മരണത്തെ കാണുന്നതെങ്ങനെ?

ഫിലിപ്പ്യയിലെ ദൈവമക്കളുടെ യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ- പാനീയ യാഗമായി ഒഴിക്കപ്പെടുന്ന - വി. പൗലൂസ്- He wish to be a drink offering to the philippians as sacrifice.

സങ്കടപ്പെടേണ്ട സ്ഥാനത്ത് സന്തോഷിക്കുന്നു. Instead of sorrowing he rejoiced. ഈ ലേഖനം എഴുതുന്ന സമയത്തുള്ള prison life ൽ നിന്നും St. Paul പിന്നീട് വിടുവിക്കപ്പെട്ടു.

എങ്കിലും രണ്ടാമത്തെ prison sentence ൽ St. Paul ഇതേ ആശയം തന്നെ തരുന്നു.

**2 Timo 4: 6** ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു.

## The Sacrifice & Service

**Rom 12: 1** *ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമായ യാഗമായി സമർപ്പിപ്പിൻ.*

ക്രിസ്തുയേശുവിൽ പുരോഹിത വർഗ്ഗമായി വിളിക്കപ്പെട്ടിരിക്കുന്ന വിശ്വാസികൾ- യാഗമായി അർപ്പിക്കേണ്ടത് തങ്ങളുടെ ശരീരങ്ങളെത്തന്നെയത്രെ.

കർത്താവിന്റെ വേലയ്ക്കു വേണ്ടി, നാം എന്തെങ്കിലും ത്യാഗം സഹിക്കുന്നുവെങ്കിൽ, ദൈവം അതിനെ ഒരു "Act of workship" ആയി കാണും. ദൈവം നമ്മുടെ ‘യാഗ’ത്തെ സ്വീകരിക്കുന്നു. അതിൽ സ്വർഗ്ഗം സന്തോഷിക്കുന്നു. നാം സന്തോഷിക്കണം. വി.പൗലൂസ് അതോർത്ത് Rejoice ചെയ്യുന്നു. Rejoice with me.

fleettech@gmail.com

## Phili 2: 19- 30 THE SERVANT OF GOD WHOSE MANNER OF LIFE THE BELIEVER IS TO FOLLOW

പൗലൂസിന് ഫിലിപ്പ്യ സന്ദർശിക്കാൻ ആഗ്രഹം ഉണ്ട്. പക്ഷെ prisonor ആകയാൽ അതിനു കഴിയുകയില്ല. അതുകൊണ്ട് Timothy യെ അയയ്ക്കുന്നു. കത്ത് കൊടുത്തയയ്ക്കുന്നതു Epapraditor ന്റെ കൈയിൽ

**Phili 2: 19- 24** **Timothy and Paul**

**Phili 2: 19** *എന്നാൽ നിങ്ങളുടെ വസ്തുത അറിഞ്ഞിട്ടു എനിക്കും മനം തണുക്കേണ്ടതിന്നു തിമൊഥെയോസിനെ വേഗത്തിൽ അങ്ങോട്ടു അയക്കാം എന്നു കർത്താവായ യേശുവിൽ ഞാൻ ആശിക്കുന്നു.*

**(1)** ക്രിസ്തീയ വിശ്വാസത്തിലേക്ക് ഫിലിപ്പ്യ വിശ്വാസികളെ കൊണ്ടുവരാൻ വി. പൗലൂസ് കാരണമായി. അവിടം കൊണ്ടുനിർത്താൻ അല്ല. അവരുടെ ആത്മീക പുരോഗതി പൗലൂസിന്റെ വലിയൊരു വാഞ്ച ആയിരുന്നു.

**(2)** പൗലൂസ് വിധിയും കാത്തു കഴിയുകയാണ്. Timothy is with him - are companions. ഈ സമയത്ത് Timothy യെ അയയ്ക്കുന്നത് തീർച്ചയായും വലിയ sacrifice തന്നെയത്രെ. selfless act of St. paul.

**(3)** ലേഖനം വായിച്ചു കേട്ടതിനു ശേഷം Timothy യുടെ visit ഉം കൂടെ കഴിയുമ്പോൾ ഫിലിപ്പ്യ സഭയിലുണ്ടാകുന്ന സന്തോഷത്തിന്റെ വാർത്തയുമായി Timothy മടങ്ങിവരുന്നതും കാത്തു പൗലൂസ് ഇരിക്കുന്നു. To rejoice after hearing the good news from philippia.

**Phili 2: 20** *നിങ്ങളെ സംബന്ധിച്ചു പരമാർത്ഥമായി കരുതുവാൻ തുല്യചിത്തനായി എനിക്കു മറ്റാരുമില്ല.*

Timothy was very close to Paul. Timothy was a selfless youth. A sincere person.

Philippian church ന്റെ പുരോഗതിയിൽ പൗലൂസിനെപ്പോലെ തന്നെ താൽപ്പര്യമുള്ള വ്യക്തി.

**Phili 2: 21** *യേശുക്രിസ്തുവിന്റെ കാര്യമല്ല സ്വന്ത കാര്യമത്രേ എല്ലാവരും നോക്കുന്നു.*

Timothy was different from others. He was a selfless person. അതുപോലെ ആരും തന്നെ അയയ്ക്കപ്പെടാവുന്ന നിലയിൽ പൗലൂസിനോടൊപ്പം അന്ന് റോമിൽ ഉണ്ടായിരുന്നില്ല. എല്ലാവരും സ്വന്തം കാര്യം നോക്കുന്നതിൽ ശുഷ്കാന്തി കാണിച്ചു. കർത്താവിന്റെ കാര്യത്തിന് ആർക്കും സമയമില്ല.

ഇതു തന്നെ ദൈവാത്മാവ് നമ്മെപ്പറ്റിയും പറയുമോ? We must be careful. We must search ourselves. നമ്മെത്തന്നെ ശോധന ചെയ്യണം.

**Phili 2: 22** *അവനോ മകൻ അപ്പനു ചെയ്യുന്നതുപോലെ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ സേവചെയ്തു എന്നുള്ള അവന്റെ സിദ്ധത നിങ്ങൾ അറിയുന്നുവല്ലോ.*

Paul was Timothy's spiritual father. Timothy served the Lord with Paul. He was sincere and very selfless person. Philippians could see his example and surely set pricked in conscience. നമുക്കും follow ചെയ്യാൻ കൊള്ളാവുന്ന ഒരു മാതൃകയാണ് Timothy.

**Phili 2: 23** *ആകയാൽ എന്റെ കാര്യം എങ്ങനെ ആകും എന്നു അറിഞ്ഞ ഉടനെ ഞാൻ അവനെ അയപ്പാൻ ആശിക്കുന്നു.*

പൗലൂസ് തന്റെ കേസ് സംബന്ധിച്ച് ഏതോ തീർപ്പും കാത്തു കഴിയുകയായിരുന്നു. അതിന്റെ result അറിഞ്ഞയുടനെ Timothy യെ അയയ്ക്കാമെന്നു പറയുന്നു.

**Phili 2: 24** ഞാനും വേഗം വരും എന്നു കർത്താവിൽ അശ്രയിച്ചിരിക്കുന്നു.

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

പൗലൂസും ഫിലിപ്പ്യ സന്ദർശിക്കാൻ വാഞ്ചിക്കുന്നു. വീണ്ടും സന്ദർശിക്കാൻ കഴിഞ്ഞോ എന്ന് നമുക്കറിയില്ല. ജയിലിൽ നിന്നും മോചിക്കപ്പെട്ടു. എന്നാൽ ഏതാനും സമയത്തിനു ശേഷം വീണ്ടും തടവിലാക്കപ്പെട്ടു. അപ്പോഴത്രെ Timothy, Titus ലേഖനങ്ങൾ എഴുതിയത്.

**<u>Epapraditos</u> 2: 25- 30**

**Phili 2: 25** *എന്നാൽ എന്റെ സഹോദരനും കൂട്ടുവേലക്കാരനും സഹഭടനും നിങ്ങളുടെ ദൂതനും എന്റെ ബുദ്ധിമുട്ടിന്നു ശുശ്രൂഷിച്ചവനുമായ എപ്പഫ്രൊദിത്തൊസിനെ നിങ്ങളുടെ അടുക്കൽ അയക്കുന്നതു ആവശ്യം എന്നു എനിക്കു തോന്നി.*

പൗലൂസിനെ ശുശ്രൂഷിച്ചവൻ. കൂട്ടുവേലക്കാരൻ. സഹോദരൻ. സഹഭടൻ. ബുദ്ധിമുട്ടിനു ശുശ്രൂഷിച്ചവൻ. പൗലൂസ് തന്നോടൊപ്പം കർത്താവിന്റെ വേല ചെയ്തവരെ എത്രമാത്രം ഉയർന്ന നിലയിൽ കാണുന്നു. അതു വളരെയധികം അഭിനന്ദനീയമത്രെ.

**Phili 2: 26** *അവൻ നിങ്ങളെ എല്ലാവരെയും കാണ്മാൻ വാഞ്ഛിച്ചും താൻ ദീനമായി കിടന്നു എന്നു നിങ്ങൾ കേട്ടതുകൊണ്ടു വ്യസനിച്ചുമിരുന്നു.*

Epapraditos ന്റെ ശുശ്രൂഷയെ വി. പൗലൂസ് ഒരു priestly service ആയിട്ടാണു കണ്ടത്.

**Phil 4: 18** *"ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ടു; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചുതന്നതു സൌരഭ്യവാസനയായി ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു".*

**Phili 2: 27** *അവൻ ദീനം പിടിച്ചു മരിപ്പാറായിരുന്നു സത്യം; എങ്കിലും ദൈവം അവനോടു കരുണചെയ്തു; അവനോടു മാത്രമല്ല, എനിക്കു ദുഃഖത്തിന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നോടും കരുണ ചെയ്തു.*

Epapraditos became sick. മരിപ്പാറായ രോഗം. എന്നാൽ ദൈവം കരുണ ചെയ്തു. Paul praise God for sparing him from "Sorrow upon sorrow". ദുഃഖത്തിന്മേൽ ദുഃഖം വരാതെയിരിപ്പാൻ ദൈവം കരുണ കാണിച്ചു.

**Phili 2: 28- 30** *ആകയാൽ നിങ്ങൾ അവനെ വീണ്ടും കണ്ടു സന്തോഷിപ്പാനും എനിക്കു ദുഃഖം കുറവാനും ഞാൻ അവനെ അധികം ജാഗ്രതയോടെ അയച്ചിരിക്കുന്നു. അവനെ കർത്താവിൽ പൂർണ്ണസന്തോഷത്തോടെ കൈക്കൊൾവിൻ; ഇങ്ങനെയുള്ളവരെ ബഹുമാനിപ്പിൻ. എനിക്കു വേണ്ടിയുള്ള നിങ്ങളുടെ ശുശ്രൂഷയുടെ കുറവു തീർപ്പാനല്ലോ അവൻ തന്റെ പ്രാണനെപ്പോലും കരുതാതെ ക്രിസ്തുവിന്റെ വേലനിമിത്തം മരണത്തോളം ആയ്പോയതു.*

പൗലൂസിനെ ശുശ്രൂഷിക്കാൻ വന്നതാണ് Epapraditos. എന്നാൽ മരിക്കത്തക്ക രോഗം ബാധിച്ചു സൗഖ്യമായ വ്യക്തിയെ പൗലൂസ് തിരികെ ഫിലിപ്പ്യയിലേക്കയയ്ക്കുമ്പോൾ ആരും അവനെ കുറ്റപ്പെടുത്താൻ ഇടയാകാതെയിരിക്കണം. പൗലൂസിന്റെ കത്തിലെ വചനങ്ങൾ അതും കൂടെ മനസിൽ കണ്ടുകൊണ്ട് എഴുതിയതത്രേ. അവനെ കർത്താവിൽ പൂർണ്ണ സന്തോഷത്തോടെ സ്വീകരിപ്പിൻ.

fleettech@gmail.com